## 2024-2025 വിശ്വാസപരിശീലനവർഷം രണ്ടാം സെമസ്റ്റർ

## 07 മുതൽ 09 വരെ ക്ലാസ്സുകളിലെ സത്യദീപത്തിൽനിന്നുള്ള സാധ്യതാ ചോദ്യങ്ങൾ

1) കത്തോലിക്കാസഭയിൽ 40 മണിക്കൂർ ആരാധനയ്ക്ക് തുടക്കം കുറിച്ച പാപ്പ ആര്?
   ക്ലമന്റ് എട്ടാമൻ പാപ്പ
2) ദിവ്യകാരുണ്യ നിത്യാരാധനയ്ക്കായി ജീവിതം സമർപ്പിച്ച സന്യാസ സമൂഹങ്ങൾ ആരംഭിച്ച വിശുദ്ധൻ ആര്?
   വി. പീറ്റർ ജൂലിയൻ എയ്മാർഡ്
3) കോർപ്പസ് ക്രിസ്റ്റി അഥവാ ഈശോയുടെ തിരുശരീര രക്തങ്ങളുടെ തിരുനാൾ സാർവത്രിക സഭയിൽ ആരംഭിച്ച മാർപാപ്പ ആര്?
   ഉർബൻ നാലാമൻ മാർപാപ്പ
4) 1909-ൽ ദൈവവചന ശുശ്രൂഷയുടെ മധ്യസ്ഥനായി സഭ വാഴ്ത്തിയ സഭാപിതാവ്?
   വി. ജോൺ ക്രിസോസ്റ്റോം
5) വി. കുർബാനയെ ദിവ്യകാരുണ്യം എന്ന് വിശേഷിപ്പിച്ച രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തവ വിശ്വാസ സമർഥകൻ?
   വി. ജസ്റ്റിൻ
6) അൽമായർക്ക് അനുദിന ദിവ്യകാരുണ്യ സ്വീകരണം അനുവദിച്ച മാർപാപ്പ?
   വി. പത്താം പീയൂസ്
7) കത്തോലിക്ക പാരമ്പര്യത്തിൽ വി. പത്രോസ് മുതൽ ഇന്നു വരെയുള്ള മാർപാപ്പമാരുടെ പ്രബോധന അധികാരത്തിന്റെ പ്രതീകമായിട്ട് അറിയപ്പെടുന്നതെന്ത്?
   വി. പത്രോസിന്റെ കസേര
8) മരിച്ചവർക്കുവേണ്ടി വൈദികർ നടത്തുന്ന വളരെ ഹ്രസ്വവും, 'അകന്നുപോയി' എന്ന് അർത്ഥം വരുന്നതുമായ പ്രാർത്ഥന ഏത്?
   അന്നീദ
9) 'നാളോത്ത്' എന്നാൽ എന്ത്?

മരണം സംഭവിച്ചയാളിന്റെ ഭവനത്തിൽ മൃതസംസ്കാരത്തിനുശേഷം നടത്തുന്ന പ്രാർത്ഥന

10) ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രികലേഖനത്തിന്റെ പേര് എന്ത്?

'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos)

11) ഫ്രാൻസിസ് മാർപാപ്പയുടെ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന നാലാമത്തെ ചാക്രികലേഖനത്തിന്റെ അടിസ്ഥാന പ്രമേയം എന്ത്?

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി

12) ചരിത്ര പ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ് നടന്നത് എവിടെ വച്ച്?

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ദേവാലയത്തിൽ വച്ച്

DEPARTMENT OF CATECHESIS
ARCHDIOCESE OF ERNAKULAM - ANGAMALY